കേരള സർക്കാർ

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
website : www.lfa.kerala.gov.in
email : lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെഎസ്എ-ടിവിഎം(ജിപി2)1676/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
Email : lfadtvm@yahoo. in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 09.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

(ഒപ്പ്/-)
ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3. കാര്യാലയ പകർപ്പ്

നം.കെഎസ്എ-ടിവിഎം(ജിപി2)1676/2017 തീയതി 09.09.2017

# തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.2016 മുതൽ 30.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപ
ടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017 മുതൽ 27.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സഞ്ജയ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.അരുൺ.സി.എസ്, സീനി. ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷിംജി.ജി, ഓഡിറ്റർ<br>ശ്രീ. രാജു.എസ് , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ലേഖ.വൈ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ബാബു.സി | 01.04.2016 മുതൽ 31.03.2017വരെ |

നിർവ്വഹണ ഉദ്യോസ്ഥർ

| തസ്തിക | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി മലർ | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീ. പ്രദീപ്. എസ്.ജി. | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സന്ധ്യ.എ.എസ്. | 1.4.2016 | 30.9.2016 |
| | ശ്രീമതി ഉഷകുമാരി | 1.10.2016 | 31.3.2017 |
| വി.ഇ.ഒ. | ശ്രീ.ശിവകുമാർ | 01.04.2016 | 31.03.2017 |
| | ശ്രീമതി ശ്രീകല | 01.04.2016 | 31.08.2016 |
| | ശ്രീമതി സെലിൻ മേരി | 1.9.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി,) | ഡോ.റീന സത്യൻ | 1.4.2016 | 31.5.2016 |
| | ഡോ. അനുരാധ | 1.6.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.പുഷ്പകുമാരി.എസ് | 01-04-2016 | 31-03-2017 |
| മെഡിക്കൽ ഓഫീസർ | ഡോ. സുരേഷ് കുമാർ | 01-04-2016 | 31-03-2017 |

| | | | |
|---|---|---|---|
| (ഹോമിയോ) | | | |
| ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്. മഞ്ചവിളാകം | ശ്രീമതി.വസന്തകുമാരി | 01-04-2016 | 31-03-2017 |
| അസി.എൻജിനീയർ | ശ്രീമതി.രമ്യ. എം | 01-04-2016 | 31-03-2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | തൊഴിൽ നികുതി പിരിവിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| 13 | സ്ഥാപന നികുതി ഈടാക്കുന്നില്ല. | 2-2 |
| 14 | വസ്തു നികുതി - കുടിശ്ശിക പിരിക്കുന്നത് ഊർജ്ജിതമാക്കണം | 2-3 |
| 15 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും പെർമിറ്റ് ഫീസും ഈൗടാക്കുന്നില്ല – പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| | ഭാഗം – 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | പശുവളർത്തൽ പദ്ധതി - മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി | 3-1 |
| 17 | മഹാത്മാ ഗാന്ധി തൊഴിൽ പദ്ധതി - അവലോകനം | 3-2 |
| 18 | സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്. | 3-3 |
| 19 | കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല – നടപടി കൈക്കൊള്ളേണ്ടതാണ്. | 3-4 |
| 20 | ആസ്തി രജിസ്റ്റർ കാലികമായി പരിപാലിക്കുന്നില്ല – മുഴുവൻ പ്രമാണങ്ങളും ഹാജരാക്കിയില്ല. | 3-5 |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -8128/- തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 22 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - ഫ്രണ്ട് ഓഫീസ നവീകരണം-കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി | 3-7 |
| 23 | വാറ്റ് ഇനത്തിൽ അധിക തുക ഈടാക്കി | 3-8 |
| 24 | സൈക്കിൾ വിതരണം - അപാകതകൾ | 3-9 |
| 25 | കിണർ നിർമ്മാണം - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു | 3-10 |

| | | |
|---|---|---|
| 26 | പദ്ധതി നടപ്പിലായില്ല - പദ്ധതി പണം മുൻകൂറായി ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു- 12,00,000/- തടസപ്പെടുത്തുന്നു | 3-11 |
| | ഭാഗം – 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 18-03-2016 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 21.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2014-15 | --- | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 8928313

വരവ് : 51974014

ആകെ : 60902327

ചെലവ് : 52027849

നീക്കിയിരിപ്പ് : 8874478

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മുൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12194838 | 12194838 | 12194838 | -- | 100 |
| വികസനഫണ്ട് എസ്.സി.പി. | | 5781498 | 5781498 | 5781498 | --- | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5105496 | 5105496 | 5105496 | --- | |
| പെർഫോമൻസ് ഗ്രാന്റ് | | 3783902 | 3783902 | 3783902 | - | |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 1362720 | 1362720 | 1362720 | --- | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 1020929 | 1020929 | 1020929 | - | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 3424055 | 3424055 | 3424055 | - | |
| എം.എൻ. ആർ.ഇ. ജി.എസ്. | 105 | 1461061 | 1461166 | 1455512 | 5654 | |
| തനതുഫണ്ട് & മറ്റുവരവുകൾ | 8928208 | 17839515 | 26767723 | 17898899 | 8868824 | |
| ആകെ | 8928313 | 51974014 | 60902327 | 52027899 | 8874478 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 53416675 | 107 | 34038257 | 18 | 39 | 65.24 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | | | | |

| | | | | |
|---|---|---|---|---|
| തൊഴിൽ നികുതി | 1230091 | 1286817 | 56726 | |
| കെട്ടിട നികുതി | 1592180 | 2241806 | 649626 | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 38600 | 72425 | 33825 | |
| വാടക | 186089 | 143498 | 42591 | |
| ഡി & ഒ ലൈസൻസ് | 48500 | 64800 | 16300 | |
| ആകെ | | | | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 792720 | 486 |
| കർഷകതൊഴിലാളി പെൻഷൻ | 8086650 | 949 |
| വിധവാപെൻഷൻ | 11275300 | 1121 |
| വാർദ്ധക്യകാലപെൻഷൻ | 18682090 | 1964 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3953805 | 392 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 275280 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 570000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 18.3.2017 തീയതിയിൽ 11.30ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 9053.00രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തെരുവു വിളക്കുകൾ അറ്റകുറ്റപണി ചെയ്തു പുതിയത് മാറ്റി സ്ഥാപിച്ച പദ്ധതിയിൽ എല്ലാ തെരുവു വിളക്കുകളിലും അറ്റകുറ്റപണി ചെയ്തു എന്നു രേഖപ്പെടുത്തിയതിനാൽ അറ്റകുറ്റപ്പണി ചെയ്യാതെ പഴയത് മാറ്റി പുതിയത് സ്ഥാപിച്ച തെരുവു വിളക്കുകൾക്കും ഉയർന്ന നിരക്കിൽ പ്രതിഫലംനൽകേണ്ടതായി വന്നു. PMY വിഹിതം നൽകയതിന് രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.7.2017 മുതൽ 18.7.2017 | 2016-17 | ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2013 മുതൽ 11.1.2014 | 2008-09 മുതൽ 2011-12 | 13.3.2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

തൊഴിൽ നികുതി സംബന്ധമായ എല്ലാ രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയത് കൃത്യമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് പിരിച്ചെടുക്കുന്നതിൽ വീഴ്ച ശ്രദ്ധയിൽപ്പെട്ടു. തനത് ഫണ്ട് പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*തൊഴിൽ നികുതി*

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ, 60 ദിവസത്തിലധികമോ ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലൽ പ്രവർത്തിച്ച് വരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് രാമേശ്വരം എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നോ, റെയിൽവേ ഉദ്യോഗസ്ഥരിൽ നിന്നോ 2016-17 വർഷത്തിൽ തൊഴിൽ നികുതി (I & II) ഈടാക്കിയിട്ടില്ല. ആയതിനെക്കുറിച്ചുള്ള അന്വേഷണക്കുറിപ്പ് I ന് കുടിശ്ശിക പിരിച്ചെടുക്കുന്ന
തിനുള്ള നടപടികൾ സ്ഥീകരിക്കുന്നതാണെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.*

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും തൊഴിൽ നികുതി ഈടാക്കുന്നതുമായ സ്ഥാപനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ, മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയ സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക തുക കണക്കാക്കാൻ സാധിക്കുന്നില്ല.

## 2-2 സ്ഥാപന നികുതി ഈടാക്കുന്നില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങൾ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കായിട്ടില്ല.

1) മുത്തൂറ്റ് ഫിൻകോർപ്പ് , ഉദിയൻകുളങ്ങര - I & II അർദ്ധവർഷം

2) കൊല്ലയിൽ എസ്.സി.ബി. - II അർദ്ധവർഷം

3) എസ്.ബി.റ്റി. ഉദിയൻകുളങ്ങര - II "

4) എം.പി.എസ്.സി. കൊല്ലയിൽ - I & II "

5) മാനേജർ, ഹെർക്കുലീസ് ആട്ടോമൊബൈയിൽസ്- II "

6) മാനേജർ, ഐശ്വര്യ കല്യാണമണ്ഡപം - I & II "

7) മാനേജർ, മാവേലി സ്റ്റോർ , കൊല്ലയിൽ - II "

8) signage reprographic - I "

9) പോപ്പുലർ ഫൈനാൻസ് - II "

10) ട്രിനിറ്റി ഹോസ്പിറ്റൽ - I & II "

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് IIന് മറുപടിയായി കുടിശ്ശിക തുക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിച്ചതായി അറിയിച്ചു. ഇത്രയും സ്ഥാപന നികുതി കുടിശ്ശിക വന്നതിന് കാരണം വാർഡ്തല സ്ഥാപന നികുതി രജിസ്റ്റർ ഡിമന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാലാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-3 വസ്തു നികുതി - കുടിശ്ശിക പിരിക്കുന്നത് ഊർജ്ജിതമാക്കണം

കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിനത്തിൽ മുൻവർഷത്തിൽ 2654441/- രൂപയും 2016-17 വർഷത്തിൽ 1144762/- രൂപയും ഉൾപ്പെടെ 3799203/- രൂപ കുടിശ്ശികയായി പിരിക്കാൻ ഉണ്ട്. തനത് ഫണ്ടിൽ ഇത്രയും ഭീമമായ കുടിശ്ശിക ഉള്ളത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കും. ജി.ഒ.(ആർ.ടി.)63/14 ധനവകുപ്പ് 16.2.2014 പ്രകാരം വികസന ഫണ്ടിൽ നിന്നും നികുതി കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ വകയിരുത്തുന്ന വിഹിത

ത്തിന്, ഡിമാന്റ് ചെയ്യപ്പെട്ട നികുതി 100/- പിരിച്ചെടുക്കുന്ന പ്രാദേശിക സർക്കാരുകൾക്കു കൂടി അർഹതയുണ്ടായിരിക്കും. അതുകൊണ്ട് കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ഭരണ സമിതിയും സെക്രട്ടറിയും പ്രത്യേക താത്പര്യം എടുക്കേണ്ടതായി ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-4 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും പെർമിറ്റ് ഫീസും ഈടാക്കിയില്ല. പഞ്ചായത്തിന് വരുമാന നഷ്ടം

കൊല്ലയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു. അവയിൽ 2 എണ്ണം മാത്രമാണ് പെർമിറ്റ് ലഭ്യമായി പ്രവർത്തിക്കുന്നത്. ബാക്കിയുള്ളവ പെർമിറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു.ജി.ഒ.(എം.എസ്.)

266/2004/ത.സ്വ.ഭ.വ. /13.8.2004 പ്രകാരം ഓരോ ടവറും 10000/- രൂപ പെർമിറ്റ് ഫീസ് പഞ്ചായത്തിൽ ഒടുക്കേണ്ടതാ

ണ്. അതിനാൽ പെർമിറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന ടവറുകൾക്ക് പെർമിറ്റ് നൽകിയും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതിയും ഈടാക്കേണ്ടതും ആകുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പശുവളർത്തൽ പദ്ധതി (വനിത) മതിയായ രേഖകളില്ലാതെ ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. : SO085/17

പദ്ധതി : പശുവളർത്തൽ പദ്ധതി (വനിത)

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

അടങ്കൽ തുക : 960000

ചെലവഴിച്ച തുക : 960000

വനിതകളുടെ ക്ഷേമം മുൻനിർത്തിയും പഞ്ചായത്ത് പ്രദേശത്തിലെ പാലുല്പാദനം മെച്ചപ്പെടുത്തുന്ന
തിനുമായി വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയുമായി ബന്ധപ്പെട്ട് 32 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മതിയായ രേഖകളില്ലാതെ സമർപ്പിച്ച നിരവ
ധി അപേക്ഷകളിൽ ആനുകൂല്യം നൽകിയതായി ശ്രദ്ധയിൽപ്പെട്ടു.

(എ) എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകി.

ഉദാ. 1. ജി.സുധ, ചെറുവണംകോട് തലനിരപുത്തൻവീട്, ധനുവച്ചപുരം.

2. എസ്. സുധാമണി, സുധവിലാസം, ചാരുവിളാകം, മഞ്ചവിളാകം. പി.ഒ.

(ബി) ഉടമ്പടി പത്രത്തിൽ ഫോട്ടോയില്ല.

ഉദാ. 1. സത്യഭാമ.ബീ., വിദ്യാഭവൻ, മലയിൽക്കട, മഞ്ചവിളാകം.

2. സ്നേഹമണി, കുന്നത്തുവിളാകം, പുത്തൻവീട്, മേക്കൊല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് മറുപടി ലഭ്യമായിട്ടുണ്ട്. മതിയായ രേഖകൾ ലഭ്യമാക്കിയതിനു ശേഷം മാത്രം ആനുകൂല്യം നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽകാർഡ് ഇഷ്യൂ ചെയ്തവരുടെ എണ്ണം, 4273 , നൂറ് ദിവസം തൊഴിൽ നൽകിയവരുടെ എണ്ണം 394 ആണ്. മേൽ വർഷം പ്രധാനമായും നടപ്പിലാക്കിയത് ഭൂവികസനം, കുളങ്ങൾ, തോട്ടുകൾ, ജനാലുകൾ ഐ.എ.വൈ ഭവനപദ്ധതി എന്നിവയാണ്. കർഷകരുടെ

ഭൂമിയിൽ ഏറ്റെടുത്ത പദ്ധതികൾ 226 ആണ്.

നടപ്പ് വർഷത്തിൽ മുന്നിരിപ്പായി 105/- രൂപയും വരവായി 1461061/- രൂപയും ചെലവ് 1455512/- രൂപയും നീക്കിയിരിപ്പ് 5654/- രൂപയുമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 14.75 ലക്ഷം രൂപ ചെലവഴിച്ച് കുളത്തറയ്ക്കൽ ഏലായിൽ റാമ്പ് നിർമ്മിക്കുകയും, 340 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓട നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

## 3-3 സർക്കാൽ ഉത്തരവിന് വിധേയമായി - പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പ്രോജക്ട് നം. – എസ്. ഒ.124/17

പേര് – എൻ.ആർ.എച്ച്.എം. ആയുർവേദ ആശുപത്രിയ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ,
നിർവഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.),

തുക - 50000/- (മെയിന്റനൻസ് ഫണ്ട്),

ബിൽ നം. – 8/2016-17
തീയതി – 25.2.2017

തുക – 50000/-

തൻവർഷത്തിൽ പ്രോജക്ട് നം.SO124/17 പ്രകാരം Kerala Sidco യിൽ നിന്നും Inv no. MCTVM
0251 പ്രകാരം 50000/- രൂപയ്ക്ക് സാധനങ്ങൾ വാങ്ങുകയുണ്ടായി. സർക്കാർ ഉത്തരവ് 3299/2016 /ത.സ്വ.ഭ.വ. തീയതി 2.12.2016-ാം പ്രകാരം സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടതിനാൽ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനങ്ങൾ സ്വയം നിർമ്മിക്കുന്നവയായി മാത്രമായി പരിമിതപ്പെടുത്തിയിരി
ക്കുന്നത്.

വരും വർഷങ്ങളിൽ ഉത്തരവിനു വിധേയമായി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഗുണനിലവാ
രമുള്ള സാധനസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്ന സാഹചര്യം നിലവിൽവരുന്നത്. ആയതിനാൽ സർക്കാർ നിർദ്ദേശം പ്രോജക്ട് നടപ്പിലാക്കുമ്പോൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. - നടപടി കൈക്കൊള്ളേണ്ടതാണ്.

പ്രോജക്ട് നം. - 9/17 ഇടവിളകാവുവിള കുടിവെള്ള പദ്ധതി

തുക - 475000/-

നിർവഹണം - എ.ഇ.

ബിൽ നം. - 40/2016-17

തുക - 375000/-

തീയതി - 30.3.2017

52174/- (തനത് ഫണ്ട്), അക്കൗണ്ട് നം. 7020154 തീയതി 30.3.2017

ഗ്രാമപഞ്ചായത്തിലെ 4,6 എന്നീ വാർഡുകളിലെ 50 വീട്ടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ തുടങ്ങിയതാണ് മേൽ പദ്ധതി. മഞ്ചവിളാകം ഇടവിള എന്ന സ്ഥലത്ത് നിലവിലുള്ള Borewell നിന്നും വെള്ളം പമ്പ് ചെയ്ത് ഇടവിള മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്നു. 2000 , 1000 ltsടാങ്കിലേയ്ക്കും ഇവിടെ നിന്നും 356മീറ്റർ ദൂരെ കാവുവിള എന്ന സ്ഥലത്ത് 2000 ltr ന്റെ tank സ്ഥാപിച്ച് പരിസരത്തുള്ള 50 വീട്ടുകൾക്ക് ജലം ലഭയമാക്കുക എന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചത്. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധ
നയിൽ പദ്ധതി തുടങ്ങി നാല് മാസം കഴിഞ്ഞപ്പോൾ തന്നെ ഗുണഭോക്താക്കൾ ആയ 50 വീട്ടുകാരുടെ നിസ്സഹ
കരണം കാരണം വൈദ്യുതി ബോർഡ് നൽകിയ നോട്ടീസിനനുസരിച്ചുള്ള വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതി
നാൽ കെ.എസ്.ഇ.ബി. വൈദ്യുതി വിച്ഛേദിക്കുകയും ചെയ്തു. ജലസേചന പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷ
ണവും ഗുണഭോക്താക്കളുടെ സമിതിയെ ഏൽപ്പിക്കേണ്ടതാണ്. ഈ ആവശ്യത്തിനായി തദ്ദേശസ്ഥാപനം
തുടർന്ന് തുക ചെലവഴിക്കാൻ പാടില്ല.

## 3-5 ആസ്തി രജിസ്റ്റർ കാലികമായി പരിപാലിക്കുന്നില്ല - മുഴുവൻ പ്രമാണങ്ങളും ഹാജരാക്കിയില്ല

രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. പല വസ്തുക്കളുടെയും യഥാർഥ വിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. പല വസ്തുക്കളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഉദാ:

| വിസ്തൃതി () | സർവ്വേ നമ്പർ |
|---|---|
| 1.01 | 142/4 |
| 0.45 | 319/6 |
| 0.75 | 319/7-1 |
| 1.2 | 137/8-1 |

| | |
|---|---|
| 7.9 | 409/7 |
| 4 | 410/5 |
| 7.66 | 410/4 |

- പഞ്ചായത്തിന്റെ വസ്തു വകകളുടെ പ്രമാണങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ധനുവച്ചപുരം ഷോപ്പിംഗ് കോംപ്ലക്സ്, കൊല്ലയിൽ സാംസ്കാരിക കേന്ദ്രം, 11-ാം വാർഡിലെ സാംസ്കാരിക കേന്ദ്രത്തിനായുള്ള വസ്തു, വിവിധ പദ്ധതികളിലായി മുൻ വർഷങ്ങളിൽ വാങ്ങിയ ഭൂമി എന്നിവയുടെ പ്രമാണങ്ങൾ ഹാജരാക്കിയില്ല.
- ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പല ഭൂമികൾക്കും ചുറ്റുമതിൽ ഉള്ളതായി കാണുന്നില്ല.

## 3-6 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 8128/- തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ - 935 & 959 തീയതി :04.03.2017 & 15.03.2017

തുക - 3230/-, 4898/-

തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച മേൽപ്പറഞ്ഞ വൗച്ചറുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 8128രൂപ തടസ്സപ്പെടുത്തുന്നു.. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 3-7 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - ഫ്രണ്ട് ഓഫീസ് നവീകരണം-കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി - 10000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ : 119 /17, 117/17

അടങ്കൽ : 75000, 157369

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 60/16-17,

തീയതി : 29.03.2017,

തുക : 75000/-

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് നവീകരണത്തിനും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കു കംപ്യൂട്ടറു
കളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുമായി 2 പദ്ധതികൾ രൂപീകരിച്ചു.

കൈമാറിക്കിട്ടിയ സ്ഥാപന
ങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്കായി 2കംപ്യൂട്ടറുകൾ വാങ്ങുന്നതിനും ഫ്രണ്ട് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ, ടോക്കൺ വെൻഡിങ് മെഷീൻ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനുമണ് പദ്ധതി. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- സർക്കാർ ഉത്തരവ് 3299 /2016 /തസ്വഭവ തീയതി - 02.12.2016 പ്രകാരം സാധന സാമഗ്രികൾ സ്വയം നിർമിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങാൻ നിർദേശിച്ചിരുന്നു. എന്നാൽ ഇവിടെ കംപ്യൂട്ടറുകൾ ടെൻഡർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി. കെൽട്രോൺ കമ്പ്യൂട്ടർ നിർമ്മിക്കുന്നില്ല. ആയതിനാൽ ടെൻഡർ നടപടികൾ ഒഴിവാക്കി കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ടി ഉത്തരവിന്റെ ലംഘനമാണ്.

- കംപ്യൂട്ടറുകൾ വാങ്ങുന്നതിലേക്കായി ഐ കെ എം സ്പെസിഫിക്കേഷൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ സ്പെസിഫിക്കേഷൻ പരിഗണിക്കാതെ കെൽട്രോണിനോട് 2 കംപ്യൂട്ടറിനുള്ള ഇൻവോയ്സ് ആവശ്യപ്പെടുകയും കെൽട്രോൺ നൽകിയ 75000 രൂപയുടെ ഇൻവോയ്സ് പ്രകാരം വാങ്ങൽ നടത്തുകയും ചെയ്തു. കെൽട്രോൺ ഇൻവോയ്സ് നൽകിയ കംപ്യൂട്ടറുകൾ പഞ്ചായത്തിന് അനുയോജ്യമായതാണോ എന്നും ആവശ്യമുള്ളതിനേക്കാൾ അധികം സ്പെസിഫിക്കേഷൻ ഉള്ളതാണോ എന്നുള്ള കാര്യങ്ങൾ പരിഗണിക്കാതെയാണ് വാങ്ങൽ നടത്തിയത്.

- ഫ്രണ്ട് ഓഫീസ് നവീകരണത്തിനായി ഐ കെ എം സ്പെസിഫിക്കേഷൻ പരിഗണിക്കാതെ കെൽട്രോണിനോട് കംപ്യൂട്ടറിനുള്ള ഇൻവോയ്സ് ആവശ്യപ്പെടുകയും കെൽട്രോൺ നൽകിയ 45000 രൂപയുടെ ഇൻവോയ്സ് പ്രകാരം വാങ്ങൽ നടത്തുകയും ചെയ്തു. ഒരേ കാലയളവിൽ തന്നെ ഒരേ ഉപയോഗത്തിനായി കംപ്യൂട്ടറുകൾ രണ്ടു നിരക്കിൽ വാങ്ങിയ നടപടി അംഗീകരിക്കാൻ കഴിയില്ല. 10000 രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു. ഈ സാഹചര്യത്തിൽ നഷ്ടമായ 10000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-8** വാറ്റ് ഇനത്തിൽ അധിക തുക ഈടാക്കി **42963/-** രൂപ അധികമായി അടവാക്കി

പ്രോജക്റ്റ് നമ്പർ : 95/17

അടങ്കൽ : 1430253

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 60/16-17,
തീയതി : 28.03.2017,
തുക : 517826

സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി സിഎഫ്എൽ വിളക്കുകൾ
വാങ്ങുന്നതിനുമായി തയ്യാറാക്കിയതാണ് പദ്ധതി. അതിനായി റൂട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 335 സിഎഫ്എൽ വിളക്കുകൾ 517826രൂപ നൽകി വാങ്ങി. ഇത്

സംബന്ധിച്ച ബില്ലുകൾ പരിശോധിച്ചതിൽ സിഎഫ്എൽ വിളക്കിനായി 14.5% നികുതി ഈടാക്കിയതായി കണ്ടു. കൊമേർഷ്യൽ ടാക്സ് ആക്ട് ഷെഡ്യൂൾ നമ്പർ III ക്രമ നമ്പർ 910 & 911 പ്രകാരം സിഎഫ്എൽ വിളക്കുകൾക്കുള്ള നികുതി 5 % ആണ്.ആയതിനാൽ
നികുതി ഇനത്തിൽ അധികമായി നൽകിയ 42963രൂപ ടി സ്ഥാപനത്തിൽ നിന്നും തിരികെവാങ്ങി ഓഡിറ്റി
നെ അറിയിക്കേണ്ടതാണ്.

## 3-9 സൈക്കിൾ വിതരണം - അപാകതകൾ

പ്രോജക്റ്റ് നമ്പർ : 103/17

അടങ്കൽ : 244000/- (വികസന ഫണ്ട് എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ : 23/17,
തീയതി : 27.03.2017,
തുക : 242250

8,9,10 ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി രൂപീകരി
ച്ചത്. ഇതിനായി 30 ലേഡി സൈക്കിളും 25 ജെന്റ്സ് സൈക്കിളുകളും വാങ്ങി. സൈക്കിളുകൾ വിതരണം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി

- ലാവണ്യ ബി. എസ്.എന്ന വിദ്യാർഥി 2015 -16 ലാണ് 10-ാം ക്ലാസ്സിൽ പഠിച്ചത്.
- അഭിജ. എ. വി.എന്ന വിദ്യാർഥിക്ക് സ്കൂൾ ഹെഡ് മാസ്റ്ററുടെ സർട്ടിഫിക്കറ്റില്ലാതെ സൈക്കിൾ നൽകി.

◦ വാങ്ങിയ 55 സൈക്കിളുകളിൽ 7 സൈക്കിളുകൾ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല.

മേല്പറഞ്ഞ അപാകതകൾക്കു വിശദീകരണം നൽകേണ്ടതാണ്

## 3-10 കിണർ നിർമ്മാണം-അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു-26500/- രൂപ തിരികെ ഈടാക്കണം

പ്രോജക്റ്റ് നമ്പർ : 101/17

അടങ്കൽ : 357000 (വികസന ഫണ്ട് -എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ : 12/17,
തീയതി : 14.03.2017

പട്ടിക ജാതിയിൽപ്പെട്ട വ്യക്തികൾക്ക് കിണർ നിർമ്മാണത്തിനായി സബ്സിഡി അനുവദിക്കുന്നതി
നാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അസ്സിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ

സർട്ടിഫിക്കറ്റിൽ തുകയു
ടെ 75%, പരമാവധി 17000 രൂപയാണ് സബ്സിഡി നിരക്ക്. എന്നാൽ താഴെ പറയുന്ന വ്യക്തികൾക്ക്മേൽപ്പ
റഞ്ഞ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിഗണിക്കാതെ 17000/- സബ്സിഡി നൽകി.

| ഗുണഭോക്താവിന്റെ പേര് | വ്യാല്യവേഷൻ തുക | അനുവദനീയമായ സബ്സിഡി (75% നിജപ്പെടുത്തിയത്) | അധികം നൽകിയ തുക |
|---|---|---|---|
| ഗോപകുമാർ കെ | 20000 | 15000 | 2000 |
| ടി മണി | 21000 | 15750 | 1250 |
| ഉഷ എൽ | 19000 | 14250 | 2750 |
| നിർമ്മല ജെ | 19000 | 14250 | 2750 |
| സിന്ധു ജി | 21000 | 15750 | 1250 |
| ഗിരിജ സി | 19000 | 14250 | 2750 |
| പ്രേമ എസ് | 20000 | 15000 | 2000 |
| സതീഷ് കുമാർ എസ് | 21000 | 15750 | 1250 |
| ഷീബ എസ് | 22000 | 16500 | 500 |
| സുരേഷ് കുമാർ | 22000 | 16500 | 500 |
| അനിൽ കുമാർ എസ് | 21000 | 15750 | 1250 |
| പ്രസന്ന എസ് | 18000 | 13500 | 3500 |

| | | | |
|---|---|---|---|
| സുഗന്ധി | 18000 | 13500 | 3500 |
| ശില്പ | 21000 | 15750 | 1250 |
| ആകെ | | | 26500 |

അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-11 പദ്ധതി നടപ്പിലായില്ല - പദ്ധതി പണം മുൻകൂറായി ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു- 12,00,000/- തടസപ്പെടുത്തുന്നു

താഴെ പറയുന്ന 4 പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയതാണ്. 4 പദ്ധതികളിൽ ക്രമ നമ്പർ 4 ഒഴികെയുള്ളവയെല്ലാം വായ്പ ബന്ധിത പദ്ധതികളാണ്. 4 പദ്ധതികളും സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ പൊതുവായ ചില വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ & തീയതി | തുക സൂക്ഷിച്ചിരിക്കുന്ന ബാങ്ക് |
|---|---|---|---|---|---|
| 1 | പട്ടിക ജാതിക്കാരായ യുവാക്കൾക്ക് ഓട്ടോ വാങ്ങുന്നതിനു സബ്സിഡി | 1750000 (വികസന ഫണ്ട് എസ്.സി.പി.) | 500000 (10 പേർക്ക് 50000/- രൂപ നിരക്കിൽ) | ബിൽ നമ്പർ: 29/17 തീയതി: 30.03.2017 | എസ്.ബി.ടി ധനുവച്ചപുരം അക്കൗണ്ട് നമ്പർ |
| 2 | പട്ടിക ജാതിക്കാരായ വനിതകൾക്ക് ടു വീലർ വാങ്ങുന്നതിനു സബ്സിഡി | 800000 (വികസന ഫണ്ട് എസ്.സി.പി.) | 140000 (7 പേർക്ക് 20000/- നിരക്കിൽ) | ബിൽ നമ്പർ : 35/17 തീയതി : 30.03.2017 | |
| 3 | സ്വയം സഹായ സംഘങ്ങൾക്ക് | 455022 (വികസന | 410000 (41 | ബിൽ നം. 30/17 | |

| | | | | | |
|---|---|---|---|---|---|
| | റിവോൾവിങ് ഫണ്ട് | ഫണ്ട്) | സംഘങ്ങൾക്ക് 10000/- നിരക്കിൽ) | തീയതി 30.3.2017 | |
| 4 | സ്വയം തൊഴിലിനായി ഉപകരണം വാങ്ങി നൽകൽ | 249630 വികസന ഫണ്ട് (എസ്.സി.പി.) | 200000 (1 സംഘത്തിന്) | ബിൽ നമ്പർ : 32/17 തീയതി : 30.03.2017 | |
| | | | 1250000 | | |

ക്രമ നം 1,2 എന്നിവ വായ്പ ബന്ധിതമായ പദ്ധതികൾ ആയതിനാൽ ഇതിനായി പഞ്ചായത്ത് അധികൃ
തർ എസ്.ബി.ടി. ധനുവച്ചപുരം ബാങ്കുമായി ബന്ധപ്പെടുകയും എന്നാൽ എസ്.ബി.ഐ -എസ്.ബി.ടി. ലയനം നടക്കുന്നതിനാൽ ടി വായ്പ പദ്ധതികളിൽ തീരുമാനമെടുക്കാൻ കാലതാമസം വരുമെന്ന് അറിയിക്കുകയും ചെയ്തു. അതിനു ശേഷം അസിസ്റ്റന്റ് സെക്രട്ടറി മേപ്പറഞ്ഞ 4 പദ്ധതികളുടെ പണം പിൻവലിച്ചു എസ്ബിടി ധനുവച്ചപു
രം ബാങ്കിന് നൽകുകയും ചെയ്തു. ടി തുക ഇപ്പോഴും എസ്.ബി.ടി. ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി.

- സർക്കാരിന്റെ ഫണ്ട് കഴിഞ്ഞ 4 മാസക്കാലമായി എസ്ബിടി ധനുവച്ചപുരം ബാങ്കിന്റെ മാനേജരുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെ സൂക്ഷിക്കുന്നതിനാൽ പലിശ ലഭിക്കില്ല.
- ഒരു ബാങ്കിനെ പരിഗണിക്കുന്നതിന് പകരം ഗ്രാമീൺ ബാങ്ക് തുടങ്ങിയ മറ്റു ബാങ്കുകളുമായി വായ്പ സംബന്ധിച്ച ചർച്ച നടത്താമായിരുന്നു.
- പഞ്ചായത്ത് അധികൃതർ ബാങ്ക് അന്വേഷിക്കുന്നതിന് പകരം ഗുണഭോക്താവ് സ്വയം താല്പര്യമുള്ള ബാങ്ക് കണ്ടെത്തി വായ്പ എടുക്കുന്ന രീതിയിൽ നടപ്പിലാക്കിയെങ്കിൽ പദ്ധതികൾ വേഗത്തിൽ നടപ്പിലാകുമായി
രുന്നു.
- ക്രമ നമ്പർ 3 ,4 എന്നിവ വായ്പ അധിഷ്ഠിതമല്ലെങ്കിൽ പോലും ടി തുകകൾ (410000, 2000000 എസ്ബിടി ബാങ്കിൽ നിക്ഷേപിച്ചത് നാളിതുവരെ നൽകിയിട്ടില്ല.
- സ്വയംസഹായ സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് നൽകേണ്ടതു ഏതെങ്കിലും പ്രത്യേക പ്രോജക്ടിനെ, അതിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഇവിടെ ഏതെങ്കിലും പദ്ധതിക്കായി റിവോൾവിങ് ഫണ്ട് നൽകുന്നതിന് പകരം വെറുതെ ഒരു ധനസഹായം എന്ന രീതിയിലാണ് നൽകിയിരിക്കുന്നത്. ഇത് മാർഗ്ഗരേഖയുടെ ലംഘനമാണ്. ആയതിനാൽ ഇതിനായി ചെലവഴിച്ച മുഴുവൻ തുകയും (410000/-) തടസ്സപ്പെടുത്തുന്നു.

- ഓട്ടോ റിക്ഷ നൽകുന്ന പദ്ധതിയിൽ കെ എസ് പ്രദീപ് എന്ന വ്യക്തിയുടെ അപേക്ഷയിൽ ജാതി, ലൈസൻസ്, ബാഡ്ജ് ഇടങ്ങി യാതൊരു വിവരങ്ങളും ലഭ്യമല്ല. ആയതിനാൽ ടിയാന് വേണ്ടി ചെലവഴിച്ച 50000 /- രൂപ തടസ്സപ്പെടുത്തുന്നു. (ബിൽ നം. 29/17/30.3.2017).
- ഓട്ടോ റിക്ഷ നൽകുന്ന പദ്ധതിയിൽ മുന്നോക്ക സമുദായത്തിൽപ്പെട്ട സനൽ കുമാർ വി എന്ന വ്യക്തിക്കായി 50000 /- ചെലവഴിച്ചതായി കാണുന്നു. പട്ടിക ജാതിക്കാർക്കായി രൂപം കൊടുത്ത പദ്ധതിയിൽ നിന്നും മുന്നോക്ക സമുദായത്തിലെ വ്യക്തിക്ക് ഫണ്ട് ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്. ആയതിനാൽ 50000 /- നിരാകരിക്കുന്നു. (ബിൽ നം. 29/17 തീയതി 30.3.2017) .

മേല്പറഞ്ഞ 4 പദ്ധതികളും നാളിതുവരെ പൂർണ്ണമായും നടപ്പിലാക്കാതെ പണം ബാങ്കിൽ സൂക്ഷിച്ചി
രിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച രൂപയിൽ നിരാകരിച്ച 50000/- രൂപ ഒഴികെ 1200000രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർണ്ണമായും നടപ്പിലാക്കി ഗുണഭോക്താക്കളുടെ ലോൺ അനുവദിച്ച രേഖകൾ, ആർ സി ബുക്ക്, സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നല്കിയതിന്റെയും ചെയ്യുന്ന പദ്ധതിയുടെയും വിവരങ്ങൾ, ഉപകരണം വാങ്ങിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| CDPO | 2016-17 | 500000 | അംഗൻവാടി പോഷകാഹാരം | 473906 | 26094 |
| CDPO | 2015-16 | 300000 | വസ്തു വാങ്ങൽ | 300000 | -- |
| ശുചിത്വമിഷൻ | 2016-17 | 408000 | കക്കൂസ് നിർമ്മാണം | 7200 | 400800 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ, | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തീയതി | തുക | | |
| KSEB | Post shifting | 21600332 | 134711 | 134711 | -- |
| “” | Street line extension | 518975 | 901517 | 901517 | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | തൻവർഷം എടുത്ത തുക | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് ഭവന പദ്ധതി | 831/2010/ ത.സ്വ.ഭ.വ 11/03/2010 | 14889000 | 3635552 | 788900 | -- | -- | 2846652 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തിയതിയും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2014-15 | 3.7 | 7255 | ശ്രീമതി രമ്യ, അസിസ്റ്റന്റ് എഞ്ചിനീയർ | 11603100869<br>17.8.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്-വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-08 | 3.2.1 | ഭക്ഷ്യധാന്യം കൈപ്പറ്റി ഏറെ നാൾ കഴിഞ്ഞിട്ടും കരിപ്പകാല കുടിവെള്ള പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടില്ല | കൺവീനറായ ശ്രീ.ഫെല്ലിവെൽസിന്റെ പക്കൽ നിന്നും തഹസിൽദാരുടെ. എ1136/5/ കെ.ജി.പി.ഡി 6/64107 നം.റവന്യൂ റിക്കവറി നടപടി പ്രകാരം 24,362/- ഈടാക്കിയിട്ടുണ്ട്. രസീത് നം.115034000028 /30.03.16) |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 60902327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52027849 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 79330 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1208128 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 2830 | ശ്രീ. ബാബു, സെക്രട്ടറി |
| 3-11 | | 26500 | ശ്രീമതി ലത.എൽ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | | 50000 | “ “ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 8128 | ശ്രീ. ബാബു, സെക്രട്ടറി |
| 3-12 | 1200000 | ശ്രീമതി ലത.എൽ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 10000 | ശ്രീ. ബാബു, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നനഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉദ്യോഗസ്ഥരുടെ പേര്,തസ്തിക | സ്ഥിര മേൽവിലാസം |
|---|---|
| ബാബു, സെക്രട്ടറി | ശ്രീ. വിനശ്രീ, ശാന്തിപുരം,<br>മുല്ലൂർ (പി.ഓ.) തിരുവനന്തപുരം |
| ലത.എൽ , അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി വല്ലകി, ആയുർവേദ ആശുപത്രിക്കു സമീപം, നെയ്യാറ്റിൻകര (പി.ഓ.) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ<br>എണ്ണം |
|---|---|---|
| 2000-2001 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/898/02/,<br>തീയതി 11.06.2014 | 3 |
| 2002-03 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1684/04/<br>തീയതി 11.06.20144 | 2 |

| | | |
|---|---|---|
| | | |
| 2003-04 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1011/02/<br>തീയതി 11.06.2014 | 5 |
| 2004-05 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1192/07/<br>തീയതി 11.06.2014 | 6 |
| 2005-06 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/1198/07/<br>തീയതി 11.06.2014 | 4 |
| 2006-07 | നമ്പർ എൽ.എഫ്.റ്റിഡി.ജി.പി2/2640/13/<br>തീയതി 09.01.2014 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/436/16 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/1759/15/<br>തീയതി 13.05.2016 | |
| 2009-10 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/1395/11 | |
| 2010-11 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/922/13 | |
| 2011-12 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/922/13 | |

| | | |
|---|---|---|
| 2012-13 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/835/14 | |
| 2013-14 | നമ്പർ എൽ.എഫ്.റ്റി.ഡി ജി.പി.2/384/15/<br>തീയതി 26.08.2015 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി2/839/16/<br>തീയതി 03.06.2016 | |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഭാഗം 3-ലെ പരാമർശങ്ങളൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കു
ന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്